Deepika 28-10-18, P-12

## അടുക്കളത്തോട്ടത്തിനു മാതൃക

# വീട്ടുമുറ്റത്തു വർണങ്ങൾ തൊടിയിൽ പച്ചക്കറിയും

ടോം ജോർജ്

എഴുപത്തിഒമ്പതു വയസായ എനിക്ക് ഇതൊക്കെ ആകാമെങ്കിൽ ചെറുപ്പക്കാർക്ക് എന്തുകൊണ്ടായിക്കൂടാ... ഇന്ത്യൻ റെയിൽവേയിൽ നിന്ന് സ്റ്റേഷൻമാസ്റ്ററായി വിരമിച്ച തിരുവല്ല കുറ്റൂർ പാണ്ടിശേരി മേപ്പുറത്ത് പി.എ. ഐസക്കിന്റെ ചോദ്യമാണിത്. തന്റെ തോട്ടംകണ്ട് മറ്റുള്ളവർക്ക് കൃഷിയിൽ താത്പര്യമുണ്ടാകാൻ കൂടിയാണ് ഇദ്ദേഹം കൃഷിയും പൂന്തോട്ടപരിപാലനവുമൊക്കെ നടത്തുന്നത്. വീടിനു സമീപമുള്ള 52 സെന്റിലും അൽപം മാറിയുള്ള 50 സെന്റിലുമാണ് ഐസക്കിന്റെ കൃഷി. 1995ൽ വിരമിച്ചശേഷം കൃഷിയിൽ ഫുൾടൈമറാകുകയായിരുന്നു. വിവിധ സ്ഥലങ്ങളിൽ കൃഷിയെക്കുറിച്ച് ക്ലാസുകൾ എടുക്കുന്നുമുണ്ട് ഐസക്ക്.

### വർണക്കൂട്ടൊരുക്കുന്ന ഉദ്യാനം

വീടിന്റെ മുൻവശത്തെ ഇരുവശങ്ങളിലും ബോൺസായി ബൊഗൈൻവില്ലച്ചെടികൾ തീർക്കുന്ന വർണപ്രപഞ്ചമാണ്. ആറു വെറൈറ്റി ബൊഗൈൻവില്ലകളാണ് കൃഷിചെയ്യുന്നത്. വേരുപിടിക്കാത്തവ ലെയർചെയ്ത് വേരുപിടിപ്പിച്ചെടുക്കും. വർഷകാലാരംഭത്തിൽ ചട്ടിയിലേക്കു മാറ്റും. മണ്ണ്, മണൽ, ചാണകപ്പൊടി എന്നിവ ചേർത്ത പോട്ടിംഗ് മിശ്രിതം ചട്ടിയിൽ നിറയ്ക്കും. വെള്ളവും വളവും അധികം വേണ്ടാത്ത ഒന്നാണ് ബൊഗൈൻ വില്ലകൾ. നല്ല സൂര്യപ്രകാശം ലഭിക്കുന്നിടത്തുവേണം ഇവ സ്ഥാപിക്കാൻ. വർഷത്തിൽ രണ്ടുതവണ കമ്പുകോതണം. ജൂൺ-ജൂലൈ, ഒക്ടോബർ- നവംബർ മാസങ്ങളിൽ കമ്പുകോതുന്നതാണ് (പ്രൂണിംഗ്) നല്ലത്. നവംബർ മുതൽ പൂക്കാലമായി. മേയ് വരെ പൂക്കൾ ഉണ്ടായിക്കൊണ്ടിരിക്കും. വെള്ള, ഗോൾഡൻ, വയലറ്റ്, ചുവപ്പ് നിറങ്ങളിലുള്ള ചെടികളാണിവിടുള്ളത്.



ഐസക്ക് വീട്ടുമുറ്റത്തെ പൂന്തോട്ടത്തിൽ.

### വളപ്രയോഗം

മാസത്തിലൊരിക്കൽ കാലിവളമോ, സ്റ്റെറാമീലോ നൽകും. സ്റ്റെറാമീലാണെങ്കിൽ 50ഗ്രാം ഒരു ചട്ടിക്ക് എന്ന ക്രമത്തിലാണിടേണ്ടത്. ബൊഗൈൻവില്ലകൾ കൂടാതെ റെഡ് പാം, ലേഡീസ് ഫിൻഗർ പാം, അറീലിയ, ഓർക്കിഡ്, അഡീനിയം, ഇലച്ചെടികൾ, യൂഫോബിയ, ബോൺസായ് ചെടികൾ എന്നിവയെല്ലാം ഐസക്കിന്റെ പൂന്തോട്ടത്തെ മനോഹരമാക്കുന്നു.

### വീട്ടിലേക്കാവശ്യമുള്ളവ വീട്ടിൽതന്നെ

വീട്ടിലേക്കാവശ്യമുള്ള പച്ചക്കറികളെല്ലാം ഐസക്ക് വീട്ടിൽതന്നെ ഉത്പാദിപ്പിക്കുന്നു. വഴുതന, തക്കാളി, കോളിഫ്ളവർ, പയർ, ചീര തുടങ്ങി വീടിനു വലതുവശത്തെ പറമ്പിൽ വിളയാത്തതൊന്നുമില്ല. ജൈവവളങ്ങൾ നൽകിയാണ് പച്ചക്കറി ഉത്പാദനം. പഴവർഗങ്ങളായ മുള്ളാത്ത, റംബൂട്ടാൻ, ഫിലോസാൻ, കറിനാരകം, ചെറുനാരകം, ചാമ്പ തുടങ്ങിയവയെല്ലാം വീട്ടുമുറ്റത്തെ പഴമുറ്റം കൂടിയാക്കുന്നു.

### നിഴലിൽ ഉണക്കിയ ചാണകം

ചെടികൾക്കും പച്ചക്കറികൾക്കും നിഴലിൽ ഉണക്കിയ ചാണകപ്പൊടിയാണ് ഐസക്ക് നൽകുന്നത്. വെയിലിന്റെ ചൂടേറ്റ് ചാണകത്തിലെ സൂക്ഷ്മജീവികൾ നഷ്ടപ്പെടാതിരിക്കാനാണ് ഇത്തരത്തിൽ ചാണകമുണക്കുന്ന രീതി ഉപയോഗിക്കുന്നത്. കടലപ്പിണ്ണാക്ക്, വേപ്പിൻപിണ്ണാക്ക്, എല്ലുപൊടി എന്നിവയും അടിവളമായും അല്ലാതെയും നൽകുന്നു.

### മഴവെള്ളസംഭരണിയിലെ മത്സ്യം

വീട്ടിലെ ടെറസിൽ നിന്നെത്തുന്ന മഴവെള്ളം ഒരു തുള്ളിപോലും പാഴാകാതെ ചെന്നുവീഴുന്നത് സമീപത്തെ മഴവെള്ള സംഭരണിയിലേക്ക്. അതിൽ ഗൗരാമി മത്സ്യം വളർത്തുന്നു. മീൻ വളരുന്ന വെള്ളം ചെടികൾക്കും നൽകുന്നു. വീട്ടിലെ പച്ചക്കറി അവശിഷ്ടങ്ങളാണ് മീനിന് ഭക്ഷണമായി നൽകുന്നത്.

രാവിലെ ആറിന് ആരംഭിക്കുന്നു ഐസക്കിന്റെ കൃഷിപ്പണികൾ. ചെടികൾക്ക് പ്രത്യേക പരിചരണം ആവശ്യമാണ്. ചെടികളുടെ ചുവട്ടിലെ മണ്ണ് ഇളക്കിക്കൊടുക്കുക, പുതയിടേണ്ടവയ്ക്ക് പുതയിടുക തുടങ്ങിയ പണികളൊക്കെയായി രാവിലെ 11 വരെ ചെടികളോടൊപ്പം തന്നെ.

ചട്ടിയിലെ ചെടികൾ മാസത്തിലൊരിക്കൽ തിരിച്ചുവയ്ക്കും. ചെടിയുടെ എല്ലാ ഭാഗങ്ങളിലും വെയിലേറ്റ് പൂക്കളുണ്ടാകുന്നതിനാണിത്.

### ഗ്രാഫ്റ്റിംഗിലൂടെ മികച്ച തൈകൾ

ഒരു സാധാരണ കർഷകനല്ല ഐസക്ക്. കൃഷിയിലെ നൂതന സാങ്കേതികവിദ്യകൾ മനസിലാക്കി അത് സ്വന്തം തോട്ടത്തിൽ പ്രാവർത്തികമാക്കുന്നുമുണ്ട് ഇദ്ദേഹം. കാന്താരിയിൽ പച്ചമുളക് ഗ്രാഫ്റ്റ് ചെയ്ത് മികച്ചരോഗപ്രതിരോധശേഷിയുള്ള പച്ചമുളക് തൈകൾ ഉത്പാദിപ്പിക്കുന്നു. ചുണ്ടയിൽ വഴുതനയും ഗ്രാഫ്റ്റ് ചെയ്ത് തൈകൾ ഉത്പാദിപ്പിക്കുന്നു. കമ്പിളി നാരകത്തിൽ ചെറുനാരകം ഗ്രാഫ്റ്റ് ചെയ്ത് പരീക്ഷണം നടത്തിക്കൊണ്ടിരിക്കുകയാണിപ്പോൾ.

ഇഞ്ചി ചാക്കിലാണ് കൃഷിചെയ്യുന്നത്. ഇതിനായി തെരഞ്ഞെടുത്തത് വരദ എന്ന അത്യുത്പാദന ശേഷിയുള്ള ഇനമാണ്. ചേനക്കൃഷി പ്രതീക്ഷിച്ചതിലേറെ വിളവു നൽകി. വഴുതന വീട്ടാവശ്യത്തിനു ശേഷം അയൽക്കാർക്കും വിഎഫ്പിസികെയുടെ ലേലവിപണിയിലുമെത്തിക്കുന്നു. ഒരാഴ്ചകഴിഞ്ഞ് ഒന്നിച്ചാണ് ലേലവിപണിയിൽ നിന്ന് പണം ലഭിക്കുക.

ഇത്തരത്തിൽ ലേലവിപണി വഴി മാത്രം 5000 രൂപയുടെ വഴുതന വിറ്റു. ഒരു ചെറുനാരകത്തിൽ നിന്ന് 5000 രൂപയുടെ നാരങ്ങ വിറ്റെന്ന് ഐസക്ക് പറയുന്നു. വിപണിയിൽ ലഭിക്കുന്ന തമിഴ്നാട് നാരങ്ങയേക്കാളും നീരും ഗുണവുമുള്ളതാണ് ഇവിടെ ഉണ്ടാകുന്ന നാരങ്ങ എന്നതിനാൽ ആവശ്യക്കാർ ഏറെയാണ്.

പച്ചക്കറിത്തൈകൾ ഉത്പാദിപ്പിച്ച് ആവശ്യക്കാർക്ക് വിതരണം ചെയ്യുന്നുമുണ്ടിദ്ദേഹം. പൂച്ചെടികളും താത്പര്യമുള്ളവർക്ക് നൽകും. തന്റെ 50 സെന്റിലെ തെങ്ങിൻതോട്ടത്തിൽ നിന്ന് നല്ല തേങ്ങയെടുത്ത് പാകി തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കുകയും മറ്റുള്ളവർക്ക് നൽകുകയും ചെയ്യുന്നു. തെങ്ങു കൂടാതെ മരങ്ങൾ, ചേന, കപ്പ ഇവയെല്ലാം തെങ്ങിൻതോട്ടത്തിലുണ്ട്.

### കയ്യാലയിലെ തേനീച്ച ട്യൂബുവഴി പെട്ടിയിലേക്ക്

കയ്യാലകളിൽ കാണുന്ന തേനീച്ചയെ ചോർപ്പിൽ ട്യൂബ് ഘടിപ്പിച്ച് തേനീച്ചപ്പെട്ടികളിലേക്കാക്കുന്നത് ഐസക്ക് വികസിപ്പിച്ച സാധ്യതയാണ്. കയ്യാലയിലെ പാറകൾക്കിടയിൽ തേനീച്ച കയറുന്ന ഹോളിൽ ചോർപ്പിൽ ഘടിപ്പിച്ച ടൂബ് ഒട്ടിച്ചുവയ്ക്കും. ഈ ടൂബ് നേരെ തേനീച്ചപ്പെട്ടിയിൽ ഘടിപ്പിക്കും.

പിന്നീട് തേനീച്ചകൾ ഈ ട്യൂബുവഴി പെട്ടിയിലെത്തി അവിടെ നിന്നാണ് പുറത്തിറങ്ങുന്നത്. അധികം താമസിയാതെ കയ്യാലയിലെ റാണിയീച്ച കൂട്ടിലെത്തും. അങ്ങനെ കയ്യാലയിലെ തേനീച്ച പെട്ടിയിലേക്ക് കൂടുമാറ്റും. കൃഷിയിൽ സജീവമായ ഐസക്ക് അനേകരെ കൃഷിചെയ്യാൻ പ്രേരിപ്പിക്കുകയുമാണ്. അതിന് മാതൃകയായി തന്റെ തോട്ടത്തെ ഉപയോഗിക്കുകയും ചെയ്യുന്നു ഇദ്ദേഹം.

ഈ വർഷം തിരുവല്ല അഗ്രി-ഹോർട്ടി സൊസൈറ്റി സംഘടിപ്പിച്ച പുഷ്പോത്സവത്തിൽ ഹോം ഗാർഡൻ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയത് ഐസക്കിന്റെ തോട്ടമായിരുന്നു.

ഫോൺ: ഐസക്ക്- 94473 47899.
ലേഖകന്റെ ഫോൺ- 93495 99023.